# മെരിറ്റ് അവാർഡ് - 2025

പ്രിയ സഹകാരികളെ,

സംഘാംഗങ്ങളുടെ മക്കളിൽ വിദ്യാഭ്യാസ, കലാ-കായികരംഗത്ത് ഉന്നതവിജയം നേടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപം കൊടുത്തിട്ടുള്ള **മെരിറ്റ് അവാർഡ് 2025** ലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. 2025 ൽ കേരള സർക്കാർ നടത്തിയ SSLC , THSLC പരീക്ഷകളിലും, SSLC തലത്തിലുള്ള CBSE, ICSE പരീക്ഷകളിലും ഹയർ സെക്കണ്ടറി തലത്തിലുള്ള HSE/CBSE (XII)/ISC/VHSE പരീക്ഷകളിലും കുറഞ്ഞത് 70 ശതമാനമോ B+ ഗ്രേഡോ വാങ്ങി വിജയിച്ചിട്ടുള്ളവരെയും ബാച്ചിലർ, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് 1 മുതൽ 3 വരെയുള്ള റാങ്ക് ജേതാക്കളെയുമാണ് മെരിറ്റ് അവാർഡിനായി പരിഗണിക്കുക. അപേക്ഷകൾ ഓൺലൈനായി സംഘത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.secretariathousco.com മുഖേന 2025 നവംബർ 1 മുതൽ 15 വരെ സമർപ്പിക്കാവുന്നതാണ്.

**ലോഗിൻ ചെയ്യുന്ന വിധം**

USER NAME : A Member Number (Eg: A1234)

PASSWORD : A Member Number@aDDMMYYYY (Eg. A1234@a31051991)

## നിബന്ധനകൾ

1. മെരിറ്റ് അവാർഡ് നൽകുന്നതിനായി സംഘാംഗങ്ങളെ 40,300/-രൂപ വരെ അടിസ്ഥാന ശമ്പളമുള്ളവരെന്നും അതിനു മുകളിൽ അടിസ്ഥാന ശമ്പളമുള്ളവരെന്നും രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിൽ നിന്നും SSLC ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 40 പേർക്ക് വിതവും CBSE യ്ക്കും ICSE യ്ക്കും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 20 പേർക്ക് വീതവും THSLC യ്ക്ക് 10 പേർക്ക് വീതവും മെരിറ്റ് അവാർഡ് നൽകുന്നതാണ്.

2. ഹയർ സെക്കണ്ടറിക്ക് ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഇരുവിഭാഗത്തിലുമുള്ള 15 പേർക്ക് വീതവും CBSE (XII) ൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 10 പേർക്ക് വീതവും VHSE/ISC യിൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന 5 പേർക്ക് വീതവും മെരിറ്റ് അവാർഡ് നൽകുന്നതാണ്.

3. ദേശീയ-സംസ്ഥാന, കലാ-കായിക മത്സരങ്ങളിൽ 2024 - 2025 അദ്ധ്യയന വർഷത്തിൽ ഒന്നു മുതൽ മൂന്ന് വരെ സ്ഥാനങ്ങൾ നേടിയിട്ടുള്ള പ്ലസ്ടു ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും മെരിറ്റ് അവാർഡ് നൽകുന്നതാണ്.

ഭരണ സമിതിയ്ക്കുവേണ്ടി...

തിരുവനന്തപുരം
29.10.2025

ഷിബു ഇബ്രാഹിം
സെക്രട്ടറി